

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ

## 21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം

## സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

21 സ്വാതന്ത്ര്യലബ്ധിക്കു ശേഷം . . . . . . . . . . . . . . . 1

1 പുതിയ സാഹചര്യങ്ങൾ . . . . . . . 2

2 സാമ്പത്തികയാഥാർത്ഥ്യങ്ങൾ . . . . 3

3 സാമൂഹ്യവൈരുദ്ധ്യങ്ങൾ . . . . . . . 4

4 സങ്കീർണ്ണതകളും അസമത്വങ്ങളും . . 5

5 മാനസിക സംഘട്ടനങ്ങൾ . . . . . . 6

6 വിഭാഗീയതകളുടെ വക്താക്കൾ . . . 7

7 വേദാന്തവും സ്വകാര്യസ്വത്തും . . . . . 8

8 ആത്മീയവാദത്തിന്റെ പുതിയ ധാരകൾ 9

9 സയൻസും മതവും . . . . . . . . . . 10

10 ശാസ്ത്രീയചിന്തകളുടെ ദൗർബല്യം . . . 11

## 21

# സ്വാതന്ത്ര്യലബ്ധിക്കു ശേഷം

1947 ആഗസ്റ്റ് മാസത്തിൽ ഇന്ത്യ രാഷ്ട്രീയസ്വാതന്ത്ര്യം നേടി. 1950-ൽ ഒരു റിപ്പബ്ലിക്കൻ ഭരണഘടന ഇവിടെ നടപ്പിൽവന്നു. ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു അത്. കോടിക്കണക്കിലുള്ള ജനങ്ങളുടെ ചിരന്തനങ്ങളായ അഭിലാഷങ്ങൾക്ക് മൂർത്തമായ പ്രായോഗികരൂപം നൽകാനുള്ള പുതിയൊരു ഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇന്ത്യയുടെ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവും ആത്മീയവുമായ പുരോഗതിയുടെ ഉപാധിയെന്ന നിലയ്ക്കാണ് രാഷ്ട്രീയസ്വാതന്ത്ര്യം സ്വാഗതം ചെയ്യപ്പെട്ടത്.

# 1 പുതിയ സാഹചര്യങ്ങൾ

എന്നാൽ, കൂടുതൽ മെച്ചപ്പെട്ട ഒരു പുതിയ സാമൂഹ്യ–സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കാനുള്ള സാദ്ധ്യതകളെ യാഥാർത്ഥ്യമാക്കി മാറ്റുക എളുപ്പമായിരുന്നില്ല. കോളണി മേധാവിത്വത്തിന്റെ അവശിഷ്ടങ്ങളും പ്രാക്മുതലാളിത്ത ചിന്താഗതികളും പരമ്പരാഗതങ്ങളായ മാമൂലുകളും അത്രയ്ക്ക് പ്രബലങ്ങളായിരുന്നു. വിദേശമേധനത്തിന്റെയും നാടുവാഴിത്തശക്തികളുടെയും സ്വാധീനം സാമൂഹ്യ സാമ്പത്തികമേഖലകളിൽ മാത്രമല്ല മനുഷ്യരുടെ മാനസികമണ്ഡലത്തിലും നിർണ്ണായകമായി തുടർന്നു. സ്വാതന്ത്ര്യപ്രഖ്യാപനം കൊണ്ടുമാത്രം സാമൂഹ്യസാമ്പത്തികവ്യവസ്ഥയുടെ കൊളോണിയൽ നാടുവാഴിത്തസ്വഭാവം അവസാനിപ്പിക്കുക സാദ്ധ്യമായിരുന്നില്ല. യുദ്ധത്തിന്റെ ഫലമായി കഴഞ്ഞു താറുമാറായ വ്യാവസായിക–കാർഷികരംഗങ്ങളും രാജ്യത്തിന്റെ വിഭജനം മൂലമുണ്ടായ കഴപ്പങ്ങളും സ്ഥിതിഗതികളെ കൂടുതൽ വഷളാക്കി. ഉൽപ്പാദനശക്തികളുടെ പിന്നോക്കാവസ്ഥയും അത്യാവശ്യസാധനങ്ങളുടെ വിലവർദ്ധനവും തൊഴിലില്ലായ്മയും ക്ഷാമഭീഷണിയും എല്ലാം കൂടി ജനങ്ങളെ അസ്വസ്ഥരാക്കി.

പക്ഷേ, അതേസമയത്തുതന്നെ, സ്വാതന്ത്ര്യസമരത്തിന്റെ വിജയം ജനങ്ങൾക്കിടയിൽ ഒരു പുതിയ ഉണർവും ശുഭാപ്തിവിശ്വാസവും ഉളവാക്കി. തങ്ങളുടെ ലക്ഷ്യങ്ങൾ നേടാനാവശ്യമായ മുഖ്യോപാധി സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞു എന്ന് അവർ മനസ്സിലാക്കി. അവർ ബ്രിട്ടീഷ് ഭരണത്തിനെതിരായി നീണ്ട സമരങ്ങൾ നടത്തിയത് രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി മാത്രമായിരുന്നില്ല. പൂർണ്ണസ്വാതന്ത്ര്യം സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ സ്വാതന്ത്ര്യങ്ങളെ ഉൾക്കൊള്ളണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് സാധാരണക്കാരായ ജനങ്ങളുടെ പിന്തുണ നേടാൻ കഴിഞ്ഞ എല്ലാ രാഷ്ട്രീയപാർട്ടികളും തങ്ങളുടെ പ്രമേയങ്ങളിലും പ്രചാരവേലകളിലും സാമ്പത്തികനീതി, അവസരസമത്വം, ഉപരിവർഗ്ഗങ്ങളുടെ ചൂഷണത്തിൽ നിന്നുള്ള മോചനം മുതലായ ആവശ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. “ജനങ്ങളെ ചൂഷണം ചെയ്യുന്ന സമ്പ്രദായം അവസാനിക്കണമെങ്കിൽ പട്ടിണികിടക്കുന്ന ജനകോടികളുടെ സാമ്പത്തികസ്വാതന്ത്ര്യം രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ അടങ്ങിയിരിക്കണം” എന്ന് 1931-ൽ കറാച്ചിയിൽ വെച്ചു കൂടിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനം പ്രഖ്യാപിക്കുകയുണ്ടായി. രാഷ്ട്രീയസ്വാതന്ത്ര്യവും സാമ്പത്തിക സ്വാതന്ത്ര്യവും അവിഭാജ്യങ്ങളായിട്ടാണ് കരുതപ്പെട്ടത്. ജവഹർലാൽ നെഹ്റുവിനെപ്പോലുള്ള കോൺഗ്രസ്സ് നേതാക്കന്മാരും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി, കമ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയ പാർട്ടികളും പൂർണ്ണസ്വാതന്ത്ര്യത്തെ സോഷ്യലിസത്തിലേക്കുള്ള ചവിട്ടുപടിയായിട്ടാണ് വ്യാഖ്യാനിച്ചിരുന്നത്. സ്വാതന്ത്ര്യപ്രഖ്യാപനവും പുതിയ ഭരണഘടനയും ജനങ്ങളുടെ ആഗ്രഹങ്ങളെയും പ്രതീക്ഷകളെയും നിറവേറ്റാനുള്ള ഉപാധികളായിരുന്നു. ദേശീയവും സാർവദേശീയവുമായ സാഹചര്യങ്ങളാകട്ടെ, തികച്ചും അനുകൂലങ്ങളുമായിരുന്നു. ജനകീയാഭിലാഷങ്ങളുടെ പൂർത്തീകരണത്തെ തടഞ്ഞുനിർത്താൻ സാമ്രാജ്യത്വ–നാടുവാഴിത്തശക്തികൾക്ക് കഴിവില്ലാതായിക്കഴിഞ്ഞിരുന്നു. സാർവലൗകികാടിസ്ഥാനത്തിൽ തന്നെ അവ അത്രയ്ക്ക് ദുർബലങ്ങളായി കഴിഞ്ഞിരുന്നു. ലോകത്തിലെ ഏറ്റവുമധികം ജനസംഖ്യയുള്ള ചൈനയുൾപ്പെടെ ഒരു ഡസനിലധികം രാജ്യങ്ങളിൽ മുതലാളിത്തവും നാടുവാഴിത്തവും അവസാനിപ്പിച്ചുകൊണ്ടുള്ള സോഷ്യലിസ്റ്റ് വ്യവസ്ഥകളുടെ ആവിർഭാവം, കോളണിമേധാവിത്വത്തിന്റെ പിടിയിൽ നിന്ന് ഏഷ്യയിലെയും ആഫ്രിക്കയിലെയും ഒട്ടനവധി രാജ്യങ്ങൾ നേടിയ മോചനം, ലോകത്തിലൊട്ടുക്കും തൊഴിലാളിപ്രസ്ഥാനങ്ങളുടെ മുന്നേറ്റം, സയൻസിന്റെയും സാങ്കേതികവിദ്യയുടെയും അത്ഭുതപൂർവ്വമായ പുരോഗതി, ഉൽപ്പാദനശക്തികളെ മേൽക്കുമേൽ വളർത്താനുള്ള പുതിയ സാദ്ധ്യതകൾ— അനുകൂലസാഹചര്യങ്ങളെ കുറിക്കുന്ന ഈ സാർവലൗകിക സംഭവവികാസങ്ങൾ ഇന്ത്യയുടെ ഹൃദയത്തിലും സ്വാധീനം ചെലുത്തി.

ഈ അനുകൂലസാഹചര്യങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇന്ത്യയിലെ പുതിയ ഭരണാധികാരികൾ രാജ്യത്തിന്റെ പിന്നോക്കനില അവസാനിപ്പിക്കാനും സാമൂഹ്യ–സാമ്പത്തിക പുരോഗതിയിലൂടെ ജനങ്ങളുടെ പ്രതീക്ഷകൾ ഒരളവിലെങ്കിലും നിറവേറ്റാനും വേണ്ടിയുള്ള പഞ്ചവത്സരസാമ്പത്തിക പദ്ധതികൾ നടപ്പിൽ വരുത്താൻ തുടങ്ങിയത്. അടിസ്ഥാനവ്യവസായങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള വ്യവസായവൽക്കരണം, പൊതുമേഖലയുടെ വികസനം, കാർഷികപരിഷ്കാരങ്ങളുടെ തുടക്കം, ഗതാഗതവികസനം, പുതിയ യൂണിവേഴ്സിറ്റികളും മറ്റു വിദ്യാഭ്യാസ സാംസ്കാരിക സ്ഥാപനങ്ങളും—ഇതെല്ലാം നൂറ്റാണ്ടുകളായി പിന്നോക്കാവസ്ഥയിൽ കിടന്നിരുന്ന ജനങ്ങളെ അഭിവൃദ്ധിയുടെ പാതയിലേക്ക് തിരിച്ചുവിടാനുള്ള മാർഗ്ഗങ്ങളായിരുന്നു. ഏതാനും വർഷങ്ങൾക്കുള്ളിൽ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ വിവിധ മേഖലകളിൽ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത പുരോഗതി കൈവരികയും ചെയ്തു. പഴയ സാമൂഹ്യ–സാമ്പത്തികവ്യവസ്ഥയുടെ സ്ഥാനത്ത് പുതിയൊരു സാമൂഹ്യ–സാമ്പത്തിക വ്യവസ്ഥയുടെ പല ഘടകങ്ങളും പ്രത്യക്ഷപ്പെട്ടു.

## 2 സാമ്പത്തികയാഥാർത്ഥ്യങ്ങൾ

അവികസിതമായ ഒരു അർധനാടുവാഴിത്ത സമുദായത്തെ സുശക്തമായ ഒരു ആധുനികസമുദായമാക്കി മാറ്റുകയെന്നുവെച്ചാൽ വ്യവസായവും കൃഷിയും ഗതാഗതസൗകര്യങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും വളർത്തുക എന്നു മാത്രമല്ല അർത്ഥം. അവയോടൊപ്പം പുതിയ സാമൂഹ്യബന്ധങ്ങളും പുതിയ ജീവിതരീതികളും പുതിയ ചിന്തകളും പുതിയ വീക്ഷണഗതികളും ആവിർഭവിക്കുന്നു. സനാതനങ്ങളെന്നു കരുതപ്പെട്ട പഴയ മൂല്യങ്ങൾ തകരുകയും വ്യക്തിസ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ പുതിയ മൂല്യങ്ങൾ ഉയർന്നുവരികയും ചെയ്യുന്നു. മറ്റൊരുവിധം പറഞ്ഞാൽ, സാമ്പത്തികാസൂത്രണം, വ്യവസായവൽക്കരണം, കാർഷികപരിഷ്ക്കാരം, വിദ്യാഭ്യാസ വിപുലീകരണം മുതലായവ അന്തിമമായ ലക്ഷ്യങ്ങളല്ല, ഉൽപ്പാദനാഭിവൃദ്ധിയുടെയും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സാഹിത്യാദികലകളുടെയും അനുഗ്രഹങ്ങൾ എല്ലാ ജനങ്ങൾക്കും ഒരുപോലെ ലഭ്യമാക്കിത്തീർക്കുന്ന ഒരു പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കാനുള്ള മാർഗ്ഗങ്ങളാണ്. ശരിക്കുപറഞ്ഞാൽ, സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം മുതലായ മൂല്യങ്ങൾപോലും ലക്ഷ്യങ്ങളല്ല. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവും ആത്മീയവുമായ എല്ലാത്തരം അടിമത്തങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കപ്പെട്ട മനുഷ്യന്റെ സമഗ്രവും സർവതോമുഖവുമായ പുരോഗതിയാണ് ലക്ഷ്യം.

എന്നാൽ, ഈ ലക്ഷ്യം നേടാൻ പറ്റിയ തരത്തിലല്ല ഇന്ത്യയിൽ സാമൂഹ്യ–സാമ്പത്തിക–രാഷ്ട്രീയ–സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. പുതിയ ഉൽപ്പാദനവിതരണ വ്യവസ്ഥകൾ വളരുന്നത് മുതലാളിത്തത്തിന്റെ ചട്ടക്കൂട്ടിനുള്ളിലാണ്. സാമൂഹ്യജീവിതത്തിൽ മുതലാളിത്തവും മുതലാളിത്തത്തിന്റെ മൂല്യങ്ങളുമാണ് ആധിപത്യം വഹിക്കുന്നത്. മനുഷ്യന് മനുഷ്യനെ ചൂഷണം ചെയ്യാൻ സ്വാതന്ത്ര്യം നൽകുന്ന സാമ്പത്തിക സാമൂഹ്യവ്യവസ്ഥയാണ് മുതലാളിത്തം. സ്വത്തുൽപ്പാദിപ്പിക്കപ്പെടുന്നത് അദ്ധ്വാനിക്കുന്ന ജനങ്ങളുടെയോ രാജ്യത്തിന്റെയാകെയോ ക്ഷേമത്തെ ഉന്നം വെച്ചുകൊണ്ടല്ല, ഉൽപ്പാദനവിതരണോപാധികളുടെ ഉടമസ്ഥന്മാരായ മുതലാളികളുടെ ലാഭത്തിനുവേണ്ടിയാണ്. പണിയെടുക്കുന്ന തൊഴിലാളികൾക്ക് വ്യവസായസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലോ നടത്തിപ്പിലോ യാതൊരു പങ്കുമില്ല. മുതലാളികളാണ്, അവസാനവിശകലനത്തിൽ, രാജ്യത്തിന്റെ ഭരണസംവിധാനത്തെപ്പോലും നിയന്ത്രിക്കുന്നത്. “സാമ്പത്തികവ്യവസ്ഥയുടെ പ്രവർത്തനം ജനങ്ങൾക്കു ഹാനികരമായ വിധത്തിൽ സ്വത്തുക്കളുടെയും ഉൽപ്പാദനോപകരണങ്ങളുടെയും കേന്ദ്രീകരണത്തെ സഹായിക്കരുത്” എന്ന് പുതിയ ഭരണഘടന അനുശാസിക്കുന്നുണ്ടെന്നതു ശരിയാണ്. പക്ഷേ, ഭരണഘടന എന്തുതന്നെ ആവശ്യപ്പെട്ടാലും മുതലാളിത്തം മുതലാളിത്തത്തിന്റെ നിയമങ്ങളെ മാത്രമേ അനുസരിക്കു. അസമത്വങ്ങൾ അതിന്റെ കൂടെപ്പിറപ്പാണ്. തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ ഗണ്യമായ ഭാഗം മുതലാളികളുടെ സ്വകാര്യസ്വത്താക്കി മാറ്റുകയും പരസ്പരമത്സരത്തിലൂടെ സ്വത്തുക്കളും ഉൽപ്പാദനോപകരണങ്ങളും കേന്ദ്രീകരിക്കുകയും ചെയ്യുക എന്നത് മുതലാളിത്തത്തിന്റെ വളർച്ചയുടെ അനിഷേധ്യ നിയമമാണ്. ഈ നിയമമാണ് ഇന്ത്യയിലും പ്രവർത്തിക്കുന്നത്. സാമ്പത്തികാസൂത്രണം ഇന്ത്യയിൽ മുതലാളിത്തത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്താനാണ് സഹായിച്ചത്. പൊതുമേഖലയ്ക്ക് പ്രത്യേകമായ പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, സ്വകാര്യമേഖലയിലെന്നപോലെ പൊതുമേഖലയിലും ഉൽപ്പാദനോപകരണങ്ങളുടെ ഉടമാവകാശത്തിലാകട്ടെ, ഉൽപ്പന്നങ്ങളുടെ വിതരണത്തിലാകട്ടെ, വ്യവസായങ്ങളുടെ നടത്തിപ്പിലാകട്ടെ, പണിയെടുക്കുന്ന തൊഴിലാളികൾക്ക് യാതൊരു പങ്കുമില്ല. അവർ അദ്ധ്വാനശക്തി വിറ്റ് ഉപജീവനം കഴിക്കുന്ന വെറും കൂലിവേലക്കാർ മാത്രമാണ്. മുതലാളികളുടെ ലാഭം വർദ്ധിക്കുംതോറും തൊഴിലാളികളുടെ അസംതൃപ്തിയും വർദ്ധിച്ചുകൊണ്ടുവരുന്നു. ഈ സ്ഥിതിവിശേഷം അനിവാര്യമായും വർഗ്ഗസമരങ്ങളെ മൂർഛിപ്പിക്കുന്നു.

മുതലാളികളും തൊഴിലാളികളും തമ്മിലുള്ള സമരങ്ങളോടൊപ്പം തന്നെ മുതലാളികളും മുതലാളികളും തമ്മിലുള്ള മത്സരങ്ങളും മൂർഛിക്കുന്നു. കൂടുതൽ ധനാഗമമാർഗ്ഗങ്ങളും കൂടുതൽ ആദായകരമായ സാങ്കേതികവൈദഗ്ധ്യവും കൈവശമുള്ള വലിയ മുതലാളികൾ ചെറിയ മുതലാളികളെ പുറന്തള്ളിക്കൊണ്ട് ഉൽപ്പാദനോപകരണങ്ങളും മറ്റു വിഭവങ്ങളും സ്വന്തം കൈകളിൽ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്നു. വ്യാവസായികോൽപ്പാദനത്തിന്റെ ഗണ്യമായ ഭാഗം വിരലിന്മേലെണ്ണാവുന്ന ഒരുപിടി കുത്തകമുതലാളികളുടെ നിയന്ത്രണത്തിലായിത്തീരുന്നു. സ്വകാര്യമേഖലയിലെ വ്യവസായങ്ങളിൽ മാത്രമല്ല, സ്റ്റേറ്റുടമയിലുള്ള വ്യവസായങ്ങളിലും ഭരണകൂടത്തിലും വിദ്യാഭ്യാസ–സാംസ്ക്കാരിക സ്ഥാപനങ്ങളിലും സാമൂഹ്യരംഗത്തിലാകെയും സ്വാധീനം ചെലുത്താനുള്ള അവരുടെ കഴിവ് അനുദിനം വർദ്ധിക്കുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ കേന്ദ്രീകരണത്തോടൊപ്പം വിപുലവും സങ്കീർണ്ണവുമായ ഒരു ഉദ്യോഗസ്ഥമേധാവിത്വവും ശക്തിയാർജിക്കുന്നു.

## 3 സാമൂഹ്യവൈരുദ്ധ്യങ്ങൾ

വ്യവസായവൽക്കരണവും കാർഷിക പരിഷ്കരണവും എത്രതന്നെ പരിമിതമാണെങ്കിലും അവ ഗ്രാമപ്രദേശങ്ങളിലെ സാമൂഹ്യബന്ധങ്ങളിൽ അഭൂതപൂർവമായ മാറ്റങ്ങളുണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. മുതലാളിത്തഘടകങ്ങൾ ഉൾനാടുകളിൽ ആധിപത്യം വഹിക്കാൻ തുടങ്ങുകയും ചരക്കുൽപ്പാദന വ്യവസ്ഥയുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇതിന്റെ അനിവാര്യഫലമായി കൃഷിക്കാരും വ്യവസായികളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ മാത്രമല്ല, ഉൾനാടുകളിലെ കൃഷിക്കാരും കർഷകത്തൊഴിലാളികളും തമ്മിലും ധനികകൃഷിക്കാരും ദരിദ്രകൃഷിക്കാരും തമ്മിലുമുള്ള വൈരുദ്ധ്യങ്ങളും മൂർച്ഛിക്കുന്നു. കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്ന കൃഷിക്കാരും വ്യാവസായികോൽപ്പന്നങ്ങൾ വിൽക്കുന്ന മുതലാളികളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഉൾനാടുകളും പട്ടണപ്രദേശങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെ രൂപം ധരിക്കുന്നു. നൂറ്റാണ്ടുകളായി കർമ്മത്തിലും പുനർജന്മത്തിലും വിശ്വസിച്ചുകൊണ്ട് ഏറെക്കുറെ പ്രശാന്തരായി കഴിഞ്ഞുകൂടിയിരുന്ന ഗ്രാമീണരുടെ ജീവിതമാകെ പെട്ടെന്ന് കലങ്ങിമറിയാൻ തുടങ്ങുന്നു. ഒരു ഭാഗത്ത് ഉൾനാടുകളിലെ ജനങ്ങൾ ജോലിയന്വേഷിച്ച് പട്ടണപ്രദേശങ്ങളിലേക്ക് പോവുകയും അങ്ങനെ നാഗരികജീവിതം കൂടുതൽ സങ്കീർണ്ണമാക്കുകയും ചെയ്യുന്നു. മറുഭാഗത്ത് വ്യവസായവൽക്കരണവും ആധുനികസാങ്കേതികവിദ്യകളും ഗ്രാമീണജീവിതത്തിൽ മാറ്റങ്ങളുണ്ടാക്കുന്നു. ഗതാഗതസൗകര്യങ്ങളുടെ വളർച്ച പട്ടണവും ഗ്രാമവും തമ്മിലുള്ള ദൂരം കുറയ്ക്കുകയും ഗ്രാമീണരും പട്ടണവാസികളും തമ്മിലുള്ള സമ്പർക്കങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ട്രാക്ടറുകൾ, ആധുനികങ്ങളായ മറ്റു കാർഷികോപകരണങ്ങൾ, രാസവളങ്ങൾ, ജലസേചനപദ്ധതികൾ, വിദ്യുച്ഛക്തി, റേഡിയോ, സിനിമ, കാറും സ്കൂട്ടറും, പുസ്തകങ്ങൾ, വർത്തമാനപ്പത്രങ്ങൾ മുതലായവ ജനങ്ങളുടെ ജീവിതരീതിയിലും ചിന്താഗതിയിലും പരസ്പരബന്ധങ്ങളിലുമെല്ലാം മാറ്റങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നു.

മുതലാളിത്തത്തിന്റെ വളർച്ചയ്ക്കനുയോജ്യമായ തരത്തിലാണ് വിദ്യാഭ്യാസം സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട്, മുതലാളിത്തത്തിന്റെ കുഴപ്പങ്ങളും അരാജകവാസനകളും വിദ്യാഭ്യാസരംഗത്തിലും പ്രതിഫലിക്കുന്നു. എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന ഭരണഘടനയുടെ അനുശാസനത്തിന് യാതൊരു വിലയും ഇതുവരെ നൽകപ്പെട്ടിട്ടില്ല. ഭൂരിപക്ഷം ജനങ്ങളും, പ്രത്യേകിച്ചും ദരിദ്രജനവിഭാഗങ്ങൾ, നിരക്ഷരതയിൽത്തന്നെ കഴിഞ്ഞുകൂടുന്നു. അഭ്യസ്തവിദ്യരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, അവരെ മുഴുവനും ഉൾക്കൊള്ളാൻ കഴിയത്തക്കവിധത്തിൽ തൊഴിൽ സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ല. ജോലിക്കുവേണ്ടി അഭ്യസ്തവിദ്യർക്കിടയിലുണ്ടാകുന്ന കിടമത്സരങ്ങൾ ചിലപ്പോൾ പ്രാദേശികതയുടെയും വർഗ്ഗീയതയുടെയും സ്വഭാവങ്ങൾ കൈക്കൊള്ളുന്നു.

അസമമായ വ്യാവസായികപുരോഗതിയാണ് മുതലാളിത്തരീതിയിലുള്ള സാമ്പത്തികാസൂത്രണത്തിന്റെ ഒരു അനിവാര്യസ്വഭാവം. രാജ്യത്തിലെ ചില ഭാഗങ്ങൾ മുന്നണിയിലും മറ്റു ചില ഭാഗങ്ങൾ പിന്നണിയിലുമായി നിലകൊള്ളുന്നു. ഇതിന്റെ ഫലമായി കൂടുതൽ കൂടുതൽ ധനാഗമമാർഗ്ഗങ്ങൾ സ്വന്തം കയ്യിൽ കേന്ദ്രീകരിക്കാൻ വെമ്പൽ കൊള്ളുന്ന കേന്ദ്രഭരണവും കൂടുതൽ വിഭവങ്ങൾ നേടാനാഗ്രഹിക്കുന്ന സ്റ്റേറ്റുകളും തമ്മിലും സ്റ്റേറ്റുകൾ തമ്മിൽ തമ്മിലും സ്റ്റേറ്റുകളും പഞ്ചായത്തുകളും തമ്മിലുമുള്ള മത്സരങ്ങൾ മൂക്കുന്നു. ഈ മത്സരങ്ങൾ പലപ്പോഴും, ഭാഷ, ജാതി, മതം മുതലായ രംഗങ്ങളിലുള്ള സംഘട്ടനങ്ങളായി രൂപാന്തരപ്പെടുന്നു.

## 4 സങ്കീർണ്ണതകളും അസമത്വങ്ങളും

ആസൂത്രിതമായ സാമ്പത്തികപുരോഗതിക്ക് പഴയ സാമൂഹ്യവ്യവസ്ഥയുടെ അടിത്തറയിളക്കാനേ കഴിഞ്ഞുള്ളൂ. അതിനെ പൂർണ്ണമായി നശിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ആധുനികവ്യവസായങ്ങളുടെയും ആധുനികവിദ്യാഭ്യാസത്തിന്റെയും ആധുനിക സാങ്കേതികവിദ്യകളുടെയും കൂടെത്തന്നെ പ്രാക് മുതലാളിത്തകാലഘട്ടത്തിലെ പ്രാകൃതങ്ങളായ ഉൽപ്പാദനരീതികളും പഴഞ്ചൻ ചിന്താഗതികളും നിലനിൽക്കുന്നു. ജ്യോതിഷം, മന്ത്രവാദം, സർവാത്മവാദം, ഗോത്രചിഹ്നവാദം തുടങ്ങിയ പ്രാചീനവിശ്വാസങ്ങൾ ആധുനികശാസ്ത്രീയ ചിന്തകളുമായും ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ ആധുനികാശയങ്ങളുമായും കൂടിപ്പിണഞ്ഞുകിടക്കുന്നു. ജവഹർലാൽ നെഹ്റു ചൂണ്ടിക്കാണിച്ചതുപോലെ, “ഈ കാലഘട്ടങ്ങളെല്ലാം നമ്മിലും നമ്മുടെ രാജ്യത്തിലും ഇന്നും നിലനിൽക്കുന്നു. ഇന്ത്യയിൽ ന്യൂക്ലിയർ സയൻസും അറ്റോമിക് എനർജിയും വളരുന്നുണ്ട്. പക്ഷേ, ചാണകയുഗവും നിലനിൽക്കുന്നു... നമ്മൾ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ലോകത്തിലേക്ക് കുതിച്ചുചാടുകയും പ്രകൃതിശക്തികളെ കൂടുതൽ നിയന്ത്രിക്കാൻ പറ്റിയതരത്തിൽ നമ്മുടെ വിജ്ഞാനത്തെ സംഘടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പക്ഷേ, അതേസമയത്തു തന്നെ ദാരിദ്ര്യം, വികസനത്തിന്റെ പിന്നോക്കനില എന്നിവയാൽ മാത്രമല്ല, പരമ്പരാഗതങ്ങളായ ചില ആശയങ്ങൾ, ആചാരങ്ങൾ എന്നിവയാലും നമ്മൾ പിറകോട്ടു പിടിച്ചു വലിക്കപ്പെടുന്നു... അങ്ങനെ നമ്മുടെ കാലഘട്ടത്തിന്റെ കുഴപ്പങ്ങൾക്കും വിക്ഷോഭങ്ങൾക്കുമിടയിൽ നമ്മൾ ഇരുഭാഗത്തേക്കും നോക്കിക്കൊണ്ടു നിൽക്കുകയാണ്; ഭാവിയിലേക്ക് മുന്നോട്ടും ഭൂതകാലത്തിലേക്ക് പിന്നോട്ടും. രണ്ടു ഭാഗത്തേക്കും നമ്മൾ പിടിച്ചുവലിക്കപ്പെടുന്നു”.

സാങ്കേതികവിദ്യയുടെ പുരോഗതി ഉൽപാദനമേഖലയിൽ വിപ്ലവങ്ങൾ സൃഷ്ടിക്കുകയും ശാസ്ത്രത്തിന്റെ പ്രചാരം വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും സാമൂഹ്യബോധത്തിന്റെയും പഴയ രൂപങ്ങളെ മാറ്റിമറിക്കുകയും ചെയ്യുന്നു എന്നത് ശരിയാണ്. മുന്നേറ്റത്തിന്റെ ഈ ഗതിക്രമത്തിൽ പല പഴയവിശ്വാസങ്ങളും പഴയ മൂല്യങ്ങളും തുടച്ചു നീക്കപ്പെടുന്നു എന്നതും വാസ്തവമാകുന്നു. പക്ഷേ, അതേസമയത്തു തന്നെ, രൂഢമൂലങ്ങളായ ചില പഴയ വിശ്വാസങ്ങളും അശാസ്ത്രീയങ്ങളായ ചിന്താഗതികളും വിട്ടു പോവാതെ പറ്റിപ്പിടിച്ചു നിൽക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഉന്നതവിദ്യാഭ്യാസം നേടിയ ആളുകൾ പോലും ജ്യോത്സ്യന്മാരെയും മുറിവൈദ്യന്മാരെയും കാവിവസ്ത്രക്കാരെയും സമീപിക്കുന്നതുകാണാം. ഓപ്പറേഷൻ തിയേറ്ററിൽ പ്രവേശിക്കുന്ന ഡോക്ടർ ശസ്ത്രക്രിയക്കുള്ള ഉപകരണങ്ങൾ കൈയിലെടുക്കുന്നതിന് മുമ്പ് തന്റെ കാണപ്പെടാത്ത ദൈവത്തെ കണ്ണടച്ചു ധ്യാനിക്കുന്നു. എഞ്ചിനീയർ പാലത്തിന്റെ പണി തുടങ്ങുന്നതിനുമുമ്പ് ഗണപതിയെ പ്രസാദിപ്പിക്കാൻ തേങ്ങയുടച്ചു പൂജിക്കുന്നു. അഭ്യസ്തവിദ്യനായ രാഷ്ട്രീയ നേതാവ് ഭാവിയെക്കുറിച്ചുള്ള ആശങ്ക തീർക്കാൻ ജ്യോത്സ്യനെ ശരണം പ്രാപിക്കുന്നു. ഉശിരൻ പ്രകടനങ്ങളും സമരങ്ങളും നടത്തുന്ന തൊഴിലാളികൾ അതേ ആവേശത്തോടുകൂടിത്തന്നെ ശബരിമല കയറുകയും നേർച്ചകളും വഴിപാടുകളും കഴിക്കുകയും ചെയ്യുന്നു. ന്യൂക്ലിയർ യുഗവും ചാണകയുഗവും അത്രയ്ക്ക് കെട്ടിപ്പിണഞ്ഞാണ് കിടക്കുന്നത്.

# 5 മാനസിക സംഘട്ടനങ്ങൾ

ഇങ്ങനെ, മുതലാളിത്തത്തിന്റെ അതിർത്തിവരമ്പുകൾക്കുള്ളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അസമവും സങ്കീർണ്ണവുമായ സാമ്പത്തികപുരോഗതി നാനാമുഖങ്ങളായ സാമൂഹ്യവൈരുദ്ധ്യങ്ങളെ മൂർഛിപ്പിക്കുകയും വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ സംഘട്ടനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ വൈരുദ്ധ്യങ്ങളും സംഘട്ടനങ്ങളും മനുഷ്യന്റെ മസ്തിഷ്കത്തിലും പ്രതിഫലിക്കുന്നു. സാമ്പത്തികാസമത്വങ്ങൾ, വർഗ്ഗസംഘട്ടനങ്ങൾ, ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച, വരവും ചെലവും ഒപ്പിച്ചു കൊണ്ടുപോവാൻ വയ്യാതാക്കിത്തീർക്കുന്ന വില വർദ്ധന, തൊഴിലില്ലായ്മ, കൈക്കൂലിയും കരിഞ്ചന്തയും അഴിമതികളും, ഭരണാധികാരികളുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം, ജനങ്ങളുടെ സ്വപ്നങ്ങളും ജീവിതയാഥാർത്ഥ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം— ഇതെല്ലാം ധാർമ്മികവും ആത്മീയവുമായ കുഴപ്പങ്ങളുടെ ഉറവിടങ്ങളായിത്തീരുന്നു. മുതലാളിത്തത്തിന്റെ ഉച്ഛൃംഖലമായ വ്യക്തിവാദം ഈ കുഴപ്പങ്ങളെ മൂർഛിപ്പിക്കാനേ സഹായിക്കുന്നുള്ളൂ. സാമൂഹ്യക്ഷേമത്തിനല്ല, വൈയക്തികമായ ഉയർച്ചയ്ക്കാണ് പ്രാധാന്യം കൽപ്പിക്കപ്പെടുന്നത്. പണവും പദവിയും അധികാരവുമുള്ളവൻ ആദരിക്കപ്പെടുന്നു. എന്താണ് എന്നു നോക്കിയല്ല, എന്തുണ്ട് എന്ന് നോക്കിയാണ്, മനുഷ്യൻ വിലമതിക്കപ്പെടുന്നത്. സമുദായത്തിൽ വിലയുള്ളവനാവാൻ വേണ്ടി ഓരോ വ്യക്തിയും മറ്റെല്ലാ വ്യക്തികൾക്കുമെതിരായി പോരാടുന്നു. ഉൽപ്പാദനോപകരണങ്ങൾ കേന്ദ്രീകരിക്കാനും ഉപഭോഗസാമഗ്രികൾ കുന്നു കൂട്ടാനുമുള്ള വെമ്പൽ, പണത്തിനും പദവിക്കും വേണ്ടിയുള്ള മത്സരങ്ങൾ, സ്വാർത്ഥം, ദുര, അഹങ്കാരം മുതലായ വൈകൃതങ്ങൾ—ഇവ സാമൂഹ്യജീവിതത്തെ മലിനമാക്കുകയും മാനസികസംഘർഷങ്ങളെ മൂർഛിപ്പിക്കുകയും ചെയ്യുന്നു. ഈ സംഘർഷങ്ങളിൽ നിന്ന് ഒരു ഭാഗത്ത് നിരാശതാബോധവും നിസ്സഹായതാബോധവും ഉടലെടുക്കുന്നു. മറുഭാഗത്ത് കോപവും വെറുപ്പും പരന്നുപിടിക്കുന്നു.

പക്ഷേ, ഇത് ചിത്രത്തിന്റെ ഒരു വശം മാത്രമാണ്. ചൂഷണത്തിന്റെയും മത്സരത്തിന്റെയും അസമത്വത്തിന്റെയും അടിസ്ഥാനത്തിലുള്ള ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിൽ മൗലികമായ മാറ്റങ്ങൾ വരുത്താനും നീതിയുടെയും സമത്വത്തിന്റെയും സൗഹാർദ്ദത്തിന്റെയും അടിസ്ഥാനത്തിലുള്ള പുതിയൊരു സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കാനും കെൽപ്പുള്ള ശക്തികളും വളർന്നുകൊണ്ടിരിക്കുന്നുണ്ട്. വ്യവസായങ്ങളുടെ വളർച്ചയോടൊപ്പം കൂടുതൽ സംഘടിതരും രാഷ്ട്രീയമായി ഉൽബുദ്ധരുമായ തൊഴിലാളികളുടെ വർഗ്ഗവും ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. പാവപ്പെട്ട കൃഷിക്കാർ, കർഷകതൊഴിലാളികൾ, ഇടത്തരക്കാർ മുതലായ ജനവിഭാഗങ്ങളുടെ പ്രക്ഷോഭങ്ങളും സംഘടനാബോധവും ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. പുരോഗമനവാദികളായ ബുദ്ധിജീവികളുടെ ഒരു പുതിയ തലമുറ ഉയർന്നുവന്നിരിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, ഇന്നത്തെ ഇന്ത്യ പഴമയും പുതുമയും തമ്മിലുള്ള ഒരു സമരത്തിന്റെ മധ്യത്തിലാണ്. കാലഹരണപ്പെട്ട ഭൂതകാലത്തിന്റെ മൂല്യങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു; അവയുടെ സ്ഥാനമേറ്റെടുക്കാൻ കെൽപ്പുള്ള ഭാവിയുടെ മൂല്യങ്ങൾ ഉറച്ചുകഴിഞ്ഞിട്ടുമില്ല. ഈ വിടവിൽ നിന്നുകൊണ്ടാണ് വ്യത്യസ്തതാല്പര്യങ്ങൾ പരസ്പരം പോരാടിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രത്തെ നേരിടുന്ന പ്രശ്നങ്ങൾക്ക് വ്യത്യസ്തവർഗ്ഗങ്ങളും വ്യത്യസ്ത ജനവിഭാഗങ്ങളും നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ വ്യത്യസ്തങ്ങളാണ്. വ്യത്യസ്തജനവിഭാഗങ്ങൾക്കിടയിലുള്ള സാമൂഹ്യ–സാമ്പത്തികവൈരുദ്ധ്യങ്ങളോടൊപ്പം ആശയരംഗത്തിലുള്ള സംഘട്ടനങ്ങളും മൂർഛിക്കുന്നു.

# 6 വിഭാഗീയതകളുടെ വക്താക്കൾ

പിന്തിരിപ്പൻ സ്ഥാപിതതാല്പര്യക്കാർക്ക് ജനങ്ങളുടെ മനസ്സിനെ സ്വാധീനിക്കാനുള്ള കഴിവ് ഇപ്പോഴും നശിച്ചിട്ടില്ല. ജനങ്ങളുടെ അസംതൃപ്തിയെയും നിസ്സഹായതാബോധത്തെയും സമർത്ഥമായി ഉപയോഗപ്പെടുത്തിക്കൊണ്ട് അവർ ശിഥിലീകരണപ്രവണതകളെ പ്രോത്സാഹിപ്പിക്കുകയും ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിലുള്ള വിഭാഗീയതകൾക്കും മത്സരങ്ങൾക്കും പ്രചോദനം നൽകുകയും ചെയ്യുന്നു. സാമുദായിക സംഘടനകളും മതസ്ഥാപനങ്ങളും സന്യാസിമഠങ്ങളും മതനിരപേക്ഷത്വത്തിന്റെ അടിസ്ഥാനത്തിലുള്ള യഥാർത്ഥ ജനാധിപത്യത്തെയും ദേശീയൈക്യത്തെയും തുരങ്കം വെയ്ക്കുകയും പുതിയൊരു സാമൂഹ്യ–സാമ്പത്തികവ്യവസ്ഥയ്ക്കു വേണ്ടിയുള്ള ജനകീയപ്രക്ഷോഭങ്ങളെ എതിർക്കുകയും ചെയ്യുന്നു. ആയിരക്കണക്കിലുള്ള പുരോഹിതന്മാരും വിവിധ ചിന്താഗതിക്കാരായ സന്യാസിമാരും ഭൂതകാലത്തിലേക്ക് മടങ്ങിപ്പോകാൻ ജനങ്ങളെ ഉൽബോധിപ്പിക്കുന്നു. അവർ ഇന്ത്യയുടെ മതപരവും ദാർശനികവും സാംസ്കാരികവുമായ പാരമ്പര്യങ്ങളിലെ പിന്തിരിപ്പൻ വശങ്ങളെ പിന്താങ്ങുകയും പുരോഗമനപ്രവണതകളെ നിഷേധിക്കുകയും ചെയ്യുന്നു. ആധുനിക ചിന്തയുമായി പൊരുത്തപ്പെടാത്ത മായ, പുനർജന്മം, കർമ്മം, വർണ്ണാശ്രമധർമ്മം മുതലായവയെക്കുറിച്ചുള്ള പ്രാചീനസിദ്ധാന്തങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളിലുള്ള ക്രിയാത്മകശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്താൻ ശ്രമിക്കുന്നു. മതപരമായ വിഭാഗീയതകൾക്കും സങ്കുചിതത്വങ്ങൾക്കും പ്രോത്സാഹനം നൽകുകയും യജ്ഞം തുടങ്ങിയ മതചടങ്ങുകളെ പുനരുദ്ധരിക്കുകയും ചെയ്യുന്നു. മതപുനരുദ്ധാരണത്തിന്റെ പ്രചാരകന്മാർ ഇസ്ലാമികരാഷ്ട്രത്തെപ്പറ്റിയും ഹിന്ദുരാഷ്ട്രത്തെപ്പറ്റിയുമുള്ള സങ്കല്പങ്ങൾ ഉയർത്തിപ്പിടിക്കുന്നു. രാഷ്ട്രീയസ്വയംസേവക സംഘത്തിന്റെ നേതാവായ ഗുരു ഗോൾവാൽക്കരുടെ അഭിപ്രായത്തിൽ ഇന്ത്യ ഹിന്ദുക്കളുടെ രാഷ്ട്രമാണ്; കാരണം, “അവർക്ക് പൊതുവായ രക്തമാണുള്ളത്. അവർക്ക് സാഹോദര്യമുണ്ട്. പൊതുവായ ഉറവിടവും പൊതുവായ രക്തവുമുള്ള ഒരു വംശമാണ് ഹിന്ദുക്കൾ”.

എന്നാൽ, പൊതുവായ രക്തത്തെപ്പറ്റിയും സാഹോദര്യത്തെപ്പറ്റിയുമുള്ള ഇത്തരം ഉൽബോധനങ്ങളുടെ അർത്ഥം എല്ലാ ഹിന്ദുക്കളും ജാതിവ്യത്യാസമോ ധനികദരിദ്രഭേദമോ കൂടാതെ സമന്മാരായിത്തീരണമെന്നോ എല്ലാവരും സഹോദരന്മാരെപ്പോലെ പരസ്പരം സ്നേഹിച്ചുകൊണ്ടു ജീവിക്കണമെന്നോ അല്ല. ഹിന്ദുമതം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണ് എന്നവകാശപ്പെടുന്ന സ്വാമി ഭാരതീകൃഷ്ണതീർത്ഥൻ ജാതിവ്യത്യാസങ്ങളെ ന്യായീകരിക്കുകയാണ് ചെയ്യുന്നത്. ജാതിഭേദങ്ങളും തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ ആചാരങ്ങളും വേദവിധി പ്രകാരമുള്ളവയാണെന്നും എല്ലാവർക്കും ഒരുപോലെയുള്ള സ്ഥാനമോ പദവിയോ ഉണ്ടാവണമെന്ന വാദം ഹിന്ദുമതതത്വങ്ങൾക്ക് എതിരാണെന്നും അദ്ദേഹം വാദിക്കുന്നു: “തീണ്ടൽ നാലുതരമുണ്ട്. ഒന്നാമത്തേത് ജാതശൗചം, അതായത് ജനനം മൂലമുണ്ടാകുന്ന തീണ്ടൽ; രണ്ടാമത്തേത് ക്ഷയശൗചം, അതായത് മരണം മൂലമുണ്ടാകുന്ന തീണ്ടൽ; മൂന്നാമത്തേത് തീണ്ടാരിമൂലമുണ്ടാകുന്ന തീണ്ടൽ; നാലാമത്തേത് ചണ്ഡാലന്മാർക്കും പ്രതിലോമവിവാഹങ്ങളിൽ നിന്നു ജനിച്ചവർക്കുമുള്ള തീണ്ടൽ. ഇവയെല്ലാം ഒരേ ശ്ലോകത്തിലാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. തീണ്ടലുകളുടെ ദൂരം ക്രമപ്രകാരം രണ്ടടി, നാലടി, ഏഴടി, പതിനാറടി എന്നിങ്ങനെ നിജപ്പെട്ടിട്ടുമുണ്ട്. ഇതിന്റെ അർത്ഥം, ഇതെല്ലാം ഒരേ വിഭാഗത്തിൽ പെട്ടവയാണെന്നും നിന്ദയുടെയോ അവജ്ഞയുടെയോ പ്രശ്നം ഉത്ഭവിക്കുന്നില്ല എന്നുമാണ്. തൊട്ടുകൂടായ്മ മാത്രമല്ല, തീണ്ടിക്കൂടായ്മയും ശാസ്ത്രത്താൽ തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്”. [1]

ചാതുർവർണ്യം “സാമൂഹ്യസ്ഥാപനങ്ങളിലൂടെ ഏറ്റവും വലിയ നന്മ കൈവരുത്തുന്നു” എന്നു വിശ്വസിക്കുന്ന കെ.എം. മുൻഷി ജാതിവ്യവസ്ഥയെ ന്യായീകരിക്കുന്നതിങ്ങനെയാണ്: “പാരമ്പര്യം, ജനനം, മനോഭാവം, പ്രാപ്തി എന്നീ കാര്യങ്ങളിൽ എല്ലാ ജനങ്ങളും ഒരുപോലെയല്ല. പൊതുവിലുള്ള തൊഴിലിന്റെയും പൊതുതാല്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ സമുദായത്തിൽ വിഭജനങ്ങളുണ്ടാവുക എന്നത് സ്വാഭാവികം മാത്രമാണ്”. ജനങ്ങൾക്ക് “ഏറ്റവും വലിയ നന്മ” ഉണ്ടാക്കിക്കൊടുക്കാനുള്ള അദ്ദേഹത്തിന്റെ മാർഗ്ഗമിതാണ്: “മനോഭാവം, പാരമ്പര്യം, സാഹചര്യം എന്നിവയുടെ ഫലമായി ജനങ്ങൾ അഭിരുചികളിലും കഴിവുകളിലും വ്യത്യസ്തരാണ്. അവരെ നാലുതരക്കാരായി വിഭജിക്കാം: (1) പ്രകാശത്താൽ പ്രചോദിതരായ സാമൂഹ്യ നേതാക്കന്മാർ, (2) വീര്യത്തോടും ചുറുചുറുക്കോടും കൂടി പ്രവർത്തിക്കുന്നവരുടെ വർഗ്ഗം, (3) വീര്യവും അതോടൊപ്പം അലസതയും ഉള്ളവരുടെ വർഗ്ഗം, (4) അലസന്മാരുടെ വർഗ്ഗം. പരസ്പരമത്സരം ഒഴിവാക്കാൻ ശ്രമിക്കുന്ന ഒരു സമുദായം ഓരോ വർഗ്ഗത്തിലെയും ഭൂരിപക്ഷക്കാരുടെ സ്വഭാവവും സാഹചര്യവും അഭിരുചിയും പരിശോധിച്ച് വ്യക്തിപരമായ അഹങ്കാരം വർദ്ധിക്കാനിടവരാത്ത തരത്തിൽ വ്യത്യസ്ത വർഗ്ഗങ്ങളുടെ കടമകളും തൊഴിലുകളും വ്യവസ്ഥപ്പെടുത്തണം. സാമൂഹ്യാഭിപ്രായം ഓരോ വ്യക്തിക്കും അവന്റെ വർഗ്ഗത്തിന്റേതായ ചുമതലകളും തൊഴിലുകളും നിശ്ചയിച്ചുകൊടുക്കുകയും അതേസമയത്തുതന്നെ അവന്റെ അത്യാർത്തിയും സുഖാസക്തിയും നിയന്ത്രിക്കുകയും ചെയ്യണമെന്നാണ് ഇതിന്റെ അർത്ഥം”. [2]

ഇതിന്റെ ശരിയായ അർത്ഥം ഭൂതകാലത്തിന്റെ അവശിഷ്ടങ്ങളെ മുറുക്കിപ്പിടിക്കണമെന്നു മാത്രമല്ല, സാമൂഹ്യരാഷ്ട്രീയ ജീവിതത്തിന്റെ ജനാധിപത്യവൽക്കരണത്തെ തടയുകയും “അലസന്മാരുടെ വർഗ്ഗ”ത്തെ ചൂഷണം ചെയ്യുന്ന മേലാളന്മാരുടെ ആധിപത്യം നിർബാധം തുടരുകയും ചെയ്യണമെന്നു കൂടിയാണ്.

---

1. Swami Bharathi Krishna Thirtha: Sanatana Dharma.
2. K. M. Munshi: Foundations of Indian Culture, P. 68.

## 7 വേദാന്തവും സ്വകാര്യസ്വത്തും

ശാസ്ത്രീയ ഭൗതികവാദത്തിനും സോഷ്യലിസത്തിനും എതിരായി മാത്രമല്ല, പൊതുമേഖല, കാർഷികപരിഷ്കരണം, സാമൂഹ്യനീതി മുതലായവയ്ക്കെതിരായും ഉപയോഗിക്കപ്പെടുന്ന മറ്റൊരായുധമാണ് ആത്മീയവാദം. ഉദാഹരണത്തിന്, വേദാന്തവും സ്വകാര്യസ്വത്തും അവിഭാജ്യങ്ങളാണെന്ന് സമ്പൂർണാനന്ദ് എഴുതുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വ്യവസായത്തിന്റെ പൊതുമേഖല ഒരു കമ്യൂണിസ്റ്റ് നടപടിയാണ്; കമ്യൂണിസത്തെ എതിർക്കേണ്ടത് എല്ലാ ഇന്ത്യക്കാരുടെയും കടമയുമാണ്. എന്തെന്നാൽ, “കമ്യൂണിസ്റ്റുകാരനെ സംബന്ധിച്ചിടത്തോളം, അചേതനവും സ്വന്തം പ്രകൃതിയുടെ ആന്തരിക നിയമമനുസരിച്ച് സ്വയം മാറിക്കൊണ്ടിരിക്കുന്നതുമായ ഭൗതികസത്തയാണ് പ്രപഞ്ചത്തിന്റെ അടിത്തറ. നേരെമറിച്ച്, ഇന്ത്യൻ ചിന്തകന്മാരെ സംബന്ധിച്ചിടത്തോളം ബ്രഹ്മമാണ് പ്രപഞ്ചത്തിന്റെ അടിത്തറ. ചൈതന്യമാണ് അതിന്റെ സ്വഭാവം. “അവിദ്യയിൽ നിന്നാണ് പ്രപഞ്ചത്തിന്റെ ഉൽപത്തി. എല്ലാ ചലനവും—വേണമെങ്കിൽ നമുക്കതിനെ പരിണാമം എന്നു വിളിക്കാം—ചേതനയുടെ അന്തസ്സത്തയെ മൂടിവെയ്ക്കുന്ന അവിദ്യയെ നശിപ്പിക്കാൻ വേണ്ടി വ്യക്തി നടത്തുന്ന ഇടവിടാത്ത പരിശ്രമങ്ങളുടെ ഫലമാണ്”. അവിദ്യയെ നശിപ്പിക്കാനും വ്യക്തിയുടെ ആത്മാവിനെ “പ്രപഞ്ചത്തിന്റെ ആത്മാവുമായി താദാത്മ്യപ്പെടുത്താ”നും വേണ്ടി നടത്തപ്പെടുന്ന ഈ വ്യക്തിപരമായ പരിശ്രമങ്ങളെ ഭരണകൂടം തടസ്സപ്പെടുത്തരുതെന്നാണ് സമ്പൂർണാനന്ദ് പറയുന്നത്: “വ്യക്തി സചേതനവും നിത്യവുമായ ഒരു അഹം ആണ്. പ്രപഞ്ചത്തിന്റെ അഹമായ ബ്രഹ്മത്തിന്റെ മഹത്തായ പ്രകാശത്തിന്റെ ഒരു കിരണമാണ് അവൻ. അതുകൊണ്ട്, അവന്റെ അവകാശങ്ങളെ അംഗീകരിക്കാൻ കൂട്ടാക്കാത്ത ഭരണകൂടത്തിന് ആപത്തുവന്നുചേരും”. [3] കാട്ടിൽപോയി തപസ്സ ചെയ്യാനോ ദന്തഗോപുരത്തിലടച്ചിരുന്ന് ബ്രഹ്മത്തെ ധ്യാനിക്കാനോ ഉള്ള അവകാശത്തെപ്പറ്റിയല്ല അദ്ദേഹം പറയുന്നത്. വ്യക്തിയുടെ അവകാശങ്ങളിൽ “മൂലധനം നിക്ഷേപിക്കാനും വ്യവസായങ്ങൾ നടത്താനു”മുള്ള അവകാശവും ഉൾപ്പെടുന്നു എന്ന് അദ്ദേഹം ഉറപ്പിച്ചുപറയുന്നു. അതുകൊണ്ടാണ് “സ്വകാര്യമേഖല നിലനിർത്തേണ്ടത് പൊതുതാല്പര്യങ്ങൾക്ക് ആവശ്യമാണെന്നു കരുതപ്പെടുന്നത്”. [4]

രാഷ്ട്രീയജീവിതത്തിലെന്നപോലെ വൈചാരിക മണ്ഡലത്തിലും സ്വന്തമായ വ്യക്തിമുദ്ര പതിച്ച രാജഗോപാലാചാരി പോലും തന്റെ രാഷ്ട്രീയാഭിപ്രായങ്ങളെ വേദാന്തവുമായി കൂട്ടിക്കലർത്താൻ ശ്രമിക്കുകയുണ്ടായി. “ഈശ്വരന്റെ ഇച്ഛാശക്തിയെപ്പറ്റിയോ പരിപാടിയെപ്പറ്റിയോ സ്വഭാവത്തെപ്പറ്റിയോ വിധിയെഴുതാനോ അവയെ മനസ്സിലാക്കാൻപോലുമോ മനുഷ്യന് കഴിവില്ല” [5] എന്ന് അദ്ദേഹം വിശ്വസിക്കുന്നു. പക്ഷേ, അതേസമയത്തു തന്നെ “അവനെ നിഷേധിക്കുന്നത് സംസ്കാരത്തെ തന്നെ നിഷേധിക്കലാണ്” എന്നും പറയുന്നു. “എന്തെന്നാൽ, സംസ്കാരം ഭൗതികപുരോഗതിയെയല്ല, ആത്മീയ പരിശ്രമങ്ങളെയും ആത്മനിയന്ത്രണത്തെയും ആത്മാർത്ഥമായ സഹകരണത്തെയുമാണ് ആശ്രയിച്ചിരിക്കുന്നത്. ഇവയെല്ലാം തന്നെ ഒരു പരമശക്തിയിലുള്ള വിശ്വാസത്തെ ആശ്രയിച്ചിരിക്കുകയും ചെയ്യുന്നു”. [6] പരമശക്തിയിൽ വിശ്വസിക്കുക എന്നുവെച്ചാൽ മനുഷ്യൻ തന്റെ “സ്വഭാവവും ജീവിതവും സനാതനങ്ങളായ സാന്മാർഗിക നിയമങ്ങൾക്കെതിരല്ലാത്തവിധത്തിൽ” രൂപപ്പെടുത്തണമെന്നാണ് അർത്ഥം. സനാതനങ്ങളായ സാന്മാർഗിക നിയമങ്ങളിലൊന്ന് സ്വകാര്യസ്വത്തിന്റെ പരിപാവനതയെ അംഗീകരിക്കലാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു: “നിങ്ങൾ നിങ്ങളുടെ സ്വന്തമാണെന്നു കരുതുന്നവയെല്ലാം ഈശ്വരനാൽ നൽകപ്പെട്ടവയാണെന്നും അവ നിങ്ങൾക്കു നൽകിയത് നല്ല കാര്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കാനാണെന്നും മനസ്സിലാക്കുക. വ്യക്തിപരമായ സ്വകാര്യസ്വത്തിന്റെ സ്വഭാവവും സമുദായത്തിന്റെ ആവശ്യവും തമ്മിൽ ഇങ്ങനെയാണ് പൊരുത്തപ്പെടുന്നത്. വ്യക്തികളായ അംഗങ്ങൾ കൈവശം വെയ്ക്കുന്ന എല്ലാറ്റിൽ നിന്നും ഉണ്ടാകുന്ന നേട്ടങ്ങളുടെ മേൽ സമുദായത്തിനുള്ള അവകാശത്തെ നിഷേധിക്കാൻ വയ്യ. പക്ഷേ, സ്വകാര്യസ്വത്തും അതുമായി ബന്ധപ്പെട്ട അവകാശങ്ങളും ഇല്ലാതാക്കാനുള്ള നീക്കം ഉൽപ്പാദനം നടത്താനും അനാവശ്യചെലവുകൾ കൂടാതെ അതിനെ കാത്തു രക്ഷിക്കാനുമുള്ള പ്രചോദനത്തെ നശിപ്പിച്ചു കളയും”. അതുകൊണ്ട്, സ്വകാര്യസ്വത്തിനെ “ആപൽക്കാരിയായ ഒരു ശത്രുവിനെപ്പോലെ കണക്കാക്കുകയല്ല, നേരെമറിച്ച്, അതിനെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്”. രാജഗോപാലാചാരിയുടെ അഭിപ്രായത്തിൽ “സാമ്പത്തികവികസനത്തെ ത്വരിതപ്പെടുത്തുകയും അതോടൊപ്പം വ്യക്തികളുടെ മുൻകയ്യിനും അവരുടെ സ്ഥാപനങ്ങൾക്കും പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിക്കുകയുമാണ്” ഗവണ്മെന്റിന്റെ കർത്തവ്യം. പക്ഷേ, അതേ സ്വാതന്ത്ര്യം അദ്ധ്വാനിക്കുന്ന തൊഴിലാളിക്കും അനുവദിച്ചുകൊടുക്കണമെന്ന് വാദിക്കാൻ അദ്ദേഹം തയ്യാറില്ല. മറിച്ച്, “പണിമുടക്കാനുള്ള അവകാശത്തോടുകൂടിയ ആസൂത്രിത സാമ്പത്തികവ്യവസ്ഥയുടെ അർത്ഥം മനസ്സിലാക്കാൻ തന്നെ എനിക്ക് സാധിക്കുന്നില്ല” എന്നാണ് അദ്ദേഹം പറയുന്നത്. “അതുകൊണ്ട്, ഉൽപ്പാദനത്തിന് ആവശ്യമായിട്ടുള്ള എല്ലാറ്റിലും വെച്ച് ഏറ്റവും പ്രധാനമായ ഘടകത്തെ, അതായത്, മനുഷ്യശക്തിയെ, ഗവണ്മെന്റ് നിയന്ത്രിക്കണം. ഗവണ്മെന്റ് നിയമം നടപ്പിൽ വരുത്തണം. ഇതിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ല”.

---

3. Sampurnanand: Indian Socialism.
4. Ibid.
5. C. Rajagopalachari: Satyameva Jayate, P. 236.
6. Ibid.

## 8 ആത്മീയവാദത്തിന്റെ പുതിയ ധാരകൾ

എന്നാൽ, എല്ലാ ആത്മീയവാദികളും നിലവിലുള്ള സ്വത്തുടമബന്ധങ്ങളെയോ കാലഹരണപ്പെട്ട ജാതിവ്യവസ്ഥയെയോ നിലനിർത്തണമെന്ന അഭിപ്രായക്കാരായിരുന്നില്ല. പഴയ മതവിശ്വാസങ്ങളെയും മതചടങ്ങുകളെയും അതേപടി നിലനിർത്താൻ വേണ്ടിയുള്ള പുനരുദ്ധാരണ പരിശ്രമങ്ങൾ മതത്തിന് തന്നെ ആപത്താണെന്നും അതുകൊണ്ട് ആധുനികലോകത്തിന് പറ്റിയ തരത്തിൽ വിശ്വാസങ്ങളിലും ആചാരങ്ങളിലും മാറ്റങ്ങൾ വരുത്തേണ്ടതാവശ്യമാണെന്നും അവരിൽ പലരും വിശ്വസിച്ചു. വ്യവസായവൽക്കരണം, സാമ്പത്തിക സ്വാതന്ത്ര്യം, ചൂഷണങ്ങളിൽ നിന്നുള്ള മോചനം, സമാധാനം, സോഷ്യലിസം തുടങ്ങിയ ആധുനികാവശ്യങ്ങളുമായി പൊരുത്തപ്പെടാത്ത തത്വചിന്തയ്ക്ക് ജനകീയാഭിലാഷങ്ങളെ തൃപ്തിപ്പെടുത്താൻ കഴിയില്ലെന്നും അതിനാൽ പഴയ ആശയങ്ങൾക്ക് പുതിയ രൂപങ്ങൾ നൽകേണ്ടതുണ്ടെന്നും അവർ മനസ്സിലാക്കി. തത്വചിന്തയെ ദന്തഗോപുരത്തിന്റെ ഔന്നത്യത്തിൽ നിന്നും അന്തർമുഖത്വത്തിന്റെ അഗാധതകളിൽ നിന്നും ലൗകിക യാഥാർത്ഥ്യങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരണമെന്ന ഉൽബോധനങ്ങൾ തത്വചിന്തകന്മാരുടെ സമ്മേളനങ്ങളിൽ പോലും കേൾക്കാം. ഉദാഹരണത്തിന്, 1953-ൽ ബറോഡയിൽ വെച്ചുകൂടിയ തത്വശാസ്ത്ര കോൺഗ്രസിന്റെ ഇരുപത്തെട്ടാം വാർഷിക സമ്മേളനത്തിൽ സുപ്രസിദ്ധ തത്വചിന്തകനായ കെ. സി. ഗുപ്ത ഇങ്ങനെ പ്രസ്താവിച്ചു:

> “സജീവങ്ങളായ അനുഭവങ്ങളിലൂടെ—വർണ്ണങ്ങളുടെയും ശബ്ദങ്ങളുടെയും വിശപ്പിന്റെയും കഷ്ടപ്പാടിന്റെയും ചേറിന്റെയും ചളിയുടെയും അധികാരത്തിന്റെയും സമൃദ്ധിയുടെയും നിഷ്ഫലതയുടെയും നേട്ടത്തിന്റെയും സൗന്ദര്യത്തിന്റെയും ശ്രേഷ്ഠതയുടെയും അനുഭവങ്ങളിലൂടെ മാത്രമാണ് നമ്മൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുന്നത്. അനുഭവങ്ങളുടെ ലോകത്തിൽ നിന്ന് നോട്ടം പൂർണ്ണമായി പിൻവലിക്കുകയും ആത്മാവിനകത്തുള്ള അഗാധതകളിൽ യാഥാർത്ഥ്യം കണ്ടെത്താൻ വേണ്ടി ഉള്ളിലേക്ക് ദൃഷ്ടി തിരിക്കുകയും ചെയ്യുന്ന അന്വേഷകൻ ശൂന്യതയിൽ ചെന്നവസാനിക്കും. ജീവിതാനുഭവങ്ങളിൽ നിന്ന് സ്വയം അകന്നുപോവുകയും ഓജസ്സ് വീണ്ടെടുക്കാൻ വേണ്ടി ആ അനുഭവങ്ങളിലേക്ക് തിരിച്ചുപോകാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുന്ന തത്വശാസ്ത്രം സ്വന്തം ലക്ഷ്യത്തെത്തന്നെ പരാജയപ്പെടുത്തുമെന്ന് തീർച്ചയാണ്... ശുദ്ധമായ ചിന്തയുടെ പ്രവർത്തനംകൊണ്ടു മാത്രം സത്യം നേടാൻ കഴിയില്ല. മുഖ്യവും മുന്തിനിൽക്കുന്നവയുമായ അനുഭവങ്ങളിലൂടെ വേണം അതു നേടിയെടുക്കുക. ദൈനംദിന ജീവിതത്തിലെ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളിൽ നിന്നുളവാകുന്ന സമഗ്രമായ അവഗാഹത്തിൽ ഊന്നുമ്പോൾ മാത്രമേ നമ്മുടെ തത്വദർശനം ഭദ്രമാവുകയുള്ളൂ”. [7]

ആത്മീയവാദിയായ മറ്റൊരു തത്വശാസ്ത്ര പ്രൊഫസ്സർ, പി. ടി. രാജു, 1957-ൽ ഇങ്ങനെ എഴുതി: “അടിസ്ഥാനപരങ്ങളായ സാമ്പത്തികാവശ്യങ്ങൾ, ആത്മീയാവശ്യങ്ങളേക്കാൾ ശക്തിയുള്ളവയാണ്. സാമ്പത്തികാവശ്യങ്ങൾ നിർവഹിക്കപ്പെടാതിരിക്കുമ്പോൾ മനുഷ്യൻ അവയുടെ യാഥാർത്ഥ്യത്തെ കൂടുതൽ ശക്തിയോടെ അനുഭവിക്കുകയും ആത്മീയാവശ്യങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇത് സാമ്പത്തികമായ ശുഭാപ്തിവിശ്വാസത്തിന്റെ കാലഘട്ടമാണ്. അതുകൊണ്ട് ഇന്ത്യൻ തത്വശാസ്ത്രം കരുതലോടെ പെരുമാറുകയും ഐഹികമൂല്യങ്ങളെ ഉൾക്കൊള്ളാൻ കഴിയത്തക്കവിധം വിശാലമാവുകയും ഐഹികമൂല്യങ്ങൾക്ക് ലക്ഷ്യവും നേതൃത്വവും നൽകുകയും ചെയ്യണം... തത്വശാസ്ത്രത്തെ സാമൂഹ്യമായി പ്രയോജനകരമാക്കിത്തീർക്കുകയും നമ്മുടെ പരമ്പരാഗതങ്ങളായ ആത്മീയദർശനങ്ങളിലടങ്ങിയ സുശക്തമായ വ്യക്തിവാദത്തെ രൂപഭേദപ്പെടുത്തുകയും ചെയ്യണം. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്ന ആശയത്തെ തത്വശാസ്ത്രത്തിൽ ഗൗരവമായി ഉൾക്കൊള്ളിക്കണം”. [8]

---

7. Indian Philosophical Congress, 28th Session, Baroda, 1953.
8. P. T. Raju: The Prabudha Bharata, August 1957.

## 9 സയൻസും മതവും

ആത്മീയവാദത്തിൽ ഉറച്ചുനിന്നുകൊണ്ടു തന്നെ സയൻസിന്റെയും സാങ്കേതികവിദ്യയുടെയും നേട്ടങ്ങളെയും അവയെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭൗതികക്ഷേമം കെട്ടിപ്പടുക്കാനുള്ള ദേശീയപരിശ്രമങ്ങളെയും സ്വാഗതം ചെയ്യുന്ന തത്വചിന്തകന്മാരിൽ പ്രമുഖനാണ് രാധാകൃഷ്ണൻ. 1965-ൽ ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി: “രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഏഷ്യയിലെയും ആഫ്രിക്കയിലെയും ഒട്ടനവധി രാജ്യങ്ങൾ സ്വതന്ത്രങ്ങളായിത്തീർന്നിരിക്കുന്നു. എന്നാൽ, രാഷ്ട്രീയസ്വാതന്ത്ര്യം ഒരു ലക്ഷ്യമല്ല. നമ്മൾ രാഷ്ട്രീയമായി സ്വതന്ത്രരായിരിക്കാം. പക്ഷേ, ജനങ്ങൾ പട്ടിണി കിടന്നു മരിക്കുന്നു എങ്കിൽ, അവർക്ക് ഉടുപ്പോ വീടോ വിദ്യാഭ്യാസമോ ഇല്ലെങ്കിൽ, അവർ അനാഥത്വത്തിലും രോഗത്തിലും ദാരിദ്ര്യത്തിലും അജ്ഞതയിലും കഴിഞ്ഞുകൂടുകയാണെങ്കിൽ, ആ സ്വാതന്ത്ര്യത്തിന് വലിയ വിലയൊന്നുമില്ല. അതിനാൽ വളർച്ചയും ആത്മപ്രകാശനവും തടയപ്പെടാതിരിക്കണമെങ്കിൽ എല്ലാവർക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമികാവശ്യങ്ങൾ ലഭിക്കണം. ഈ കാര്യങ്ങളെല്ലാം ശരിയാക്കാനുള്ള ഒരേയൊരു മാർഗ്ഗം സയൻസും സാങ്കേതികവിദ്യയും വികസിപ്പിക്കുകയും അവയെ കൃഷി, വ്യവസായം, ചികിത്സ മുതലായവയിൽ പ്രയോഗിക്കുകയുമാണ്”. [9] പക്ഷേ, ഭൗതികാഭിവൃദ്ധികൊണ്ടുമാത്രം തൃപ്തിപ്പെടാൻ പാടില്ല. ഭൗതികപ്രകൃതിക്കതീതമായ ഒരാത്മീയശക്തി മനുഷ്യനിൽ അന്തർലയിച്ചുകിടക്കുന്നുണ്ടെന്നും ആ ആത്മീയശക്തിയാണ് എല്ലാ പുരോഗതിയുടെയും അടിത്തറയെന്നും രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നു: “വസ്തുനിഷ്ഠമായ സംഭവ പരമ്പരയിലെ ഒരു ഘടകം മാത്രമാണ് താൻ എന്ന് മനുഷ്യൻ കരുതാൻ പാടില്ല. പ്രകൃതിക്കപ്പുറത്തുള്ള എന്തോ ഒന്ന് അവനിൽ സ്ഥിതിചെയ്യുന്നുണ്ട്. പ്രകൃതിയെപ്പറ്റി വിധി കല്പിക്കാനും പ്രകൃതി ശരിക്ക് എങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്ന് മനസ്സിലാക്കാനും അതാണവനെ സഹായിക്കുന്നത്... ശാസ്ത്രത്തിന്റെ സൃഷ്ടിയായാലും ശരി, കലാപ്രവർത്തനങ്ങളായാലും ശരി, സാങ്കേതികാഭിവൃദ്ധിയായാലും ശരി, ഇതൊക്കെത്തന്നെ നിങ്ങൾ പ്രകൃതിയുടെ ഒരു ഭാഗം മാത്രമല്ലെന്ന ഒരു ബോധം നിങ്ങളിലുളവാക്കുന്നു. കൂടുതൽ വിശാലമായ ഒരർത്ഥത്തിൽ പ്രകൃതിയുടേതല്ലാത്ത, പ്രകൃത്യതീതമായ, ഒരു ഘടകം നിങ്ങളിൽ സ്ഥിതിചെയ്യുന്നു. അതുകൊണ്ട്, ആ ഘടകത്തെ മനുഷ്യന്റെ ആന്തരികചൈതന്യം എന്നു വിളിക്കണം. നമുക്ക് ഈ ലോകത്തിലുണ്ടായിട്ടുള്ള എല്ലാ നേട്ടങ്ങൾക്കും ആ ആന്തരികചൈതന്യമാണ് കാരണം”. [10]

ചരിത്രനിർമ്മാണത്തിൽ മനുഷ്യന് ക്രിയാത്മകമായ ഒരു പങ്കുണ്ടെന്നും മനുഷ്യപ്രയത്നത്തിലൂടെ, പ്രകൃത്യാതീതശക്തികളുടെ ഇടപെടൽ കൂടാതെ തന്നെ, മനുഷ്യപ്രകൃതിയെ മാറ്റാൻ കഴിയുമെന്നും രാധാകൃഷ്ണൻ വിശ്വസിക്കുന്നു. 1957-ൽ അദ്ദേഹം എഴുതി: “നമുക്ക് മനുഷ്യപ്രകൃതിയുടെ ഒരു പുതുക്കിപ്പണിയൽ, ഭയത്തിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും നൈരാശ്യത്തിൽ നിന്നും നിസ്സഹായതയിൽ നിന്നും നമ്മെ ഉയർത്തുകയും പുതിയ ലോകത്തിനുവേണ്ടി ധീരമായി പ്രവർത്തിക്കാൻ നമ്മെ ഒരുക്കുകയും ചെയ്യുന്ന ക്രിയാത്മകമായ ഒരു പരിവർത്തനം, ആവശ്യമായിത്തീർന്നിരിക്കുന്നു. ഈ പുതിയ ലോകം ശാസ്ത്രവുമായും സാങ്കേതികവിദ്യയുമായും വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു”. [11] രാധാകൃഷ്ണൻ തന്റെ മതവിശ്വാസങ്ങളെയോ ആത്മീയവാദത്തെയോ ഉപേക്ഷിച്ചിരിക്കുന്നു എന്നല്ല ഇതിനർത്ഥം. മറിച്ച്, മതവിശ്വാസങ്ങളെയും ആത്മീയവാദത്തെയും ആധുനിക ശാസ്ത്രവുമായി ഇണക്കിച്ചേർക്കാനും അങ്ങനെ അവ തമ്മിലുള്ള വൈരുദ്ധ്യങ്ങളെ നീക്കം ചെയ്യാനുമാണ് അദ്ദേഹം ശ്രമിക്കുന്നത്. മതത്തിന്റെയും ശാസ്ത്രത്തിന്റെയും ലക്ഷ്യം ഒന്നുതന്നെയാണ് എന്നാണദ്ദേഹം പറയുന്നത്: “ശാസ്ത്രത്തിന്റെ നിഗമനങ്ങളും മതതത്വങ്ങളും തമ്മിൽ യാതൊരു പൊരുത്തക്കേടുമില്ല. സമീപനങ്ങൾ വ്യത്യസ്തങ്ങളാണെങ്കിലും സത്യാന്വേഷണമാണ് അവയുടെ പൊതുലക്ഷ്യം”. [12]

മതത്തെ ശാസ്ത്രവുമായി കൂട്ടിയിണക്കാനുള്ള രാധാകൃഷ്ണന്റെ പരിശ്രമം വിജയകരമാണെന്നു പറയാൻ വയ്യ. എന്തെന്നാൽ, ശാസ്ത്രത്തിന്റെ നേട്ടങ്ങളെ മാത്രമേ അദ്ദേഹം സ്വീകരിക്കുന്നുള്ളൂ. സത്യം കണ്ടെത്താനുള്ള ശാസ്ത്രീയ സമീപനത്തോട് അദ്ദേഹം യോജിക്കുന്നില്ല. അദ്ദേഹത്തിന്റേത് മതപരവും ആത്മീയവാദപരവുമായ സമീപനമാണ്. സമീപനത്തിൽ വ്യത്യാസമുള്ളതുകൊണ്ട് സത്യത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും വ്യത്യസ്തങ്ങളായിത്തീരുന്നു. പരമമായ യാഥാർത്ഥ്യം യുക്ത്യതീതമാണെന്നും അതിനാൽ അതിന്റെ സ്വഭാവം യുക്തിവിചാരംകൊണ്ടു നിർണ്ണയിക്കുക സാദ്ധ്യമല്ലെന്നും അദ്ദേഹം ഉറപ്പിച്ചുപറയുന്നു. [13] ആ പരമമായ യാഥാർത്ഥ്യം ദൈവമല്ലാതെ മറ്റൊന്നുമല്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

---

9. Radhakrishnan: Speeches and Writings, P. 134.
10. Ibid.
11. Ibid.
12. Ibid.
13. S. Radhakrishnan in the Indian Mind, P. 178.

## 10 ശാസ്ത്രീയചിന്തകളുടെ ദൗർബല്യം

ആത്മീയവാദികളായ മിക്ക ആധുനികചിന്തകന്മാരും ഭൗതികവാദത്തിനെതിരായ നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്. ഭൗതികവാദം മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തിന്റെയും ഉൽകൃഷ്ടഭാവങ്ങളുടെയും വളർച്ചയെ തടഞ്ഞുനിർത്തുമെന്നുപോലും അവരിൽ ചിലർ കരുതുന്നു. യാന്ത്രികഭൗതികവാദത്തിനെതിരായ ശാസ്ത്രീയഭൗതികവാദം മനുഷ്യത്വത്തിന്റെ പുരോഗതിയെ ത്വരിതപ്പെടുത്താൻ സഹായിക്കുന്ന ഒരുപാധിയാണെന്ന് അവരംഗീകരിക്കുന്നില്ല.

രാഹുൽ സാംകൃത്യായൻ, എം.എൻ. റോയ്, ഡി.ഡി. കോസാംബി തുടങ്ങിയ പല ചിന്തകന്മാരും ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യത്തെ വിശകലനം ചെയ്യാനുള്ള ചില പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ, പൊതുവിൽ പറഞ്ഞാൽ, ശാസ്ത്രീയ ഭൗതികവാദത്തിന്റെയും മാർക്സിസം തുടങ്ങിയ ആധുനിക ചിന്തകളുടെയും സ്വാധീനം ഇന്ത്യയിൽ ഇപ്പോഴും ദുർബലമാണ്.

ഫ്യൂഡലിസത്തിനും മുതലാളിത്തത്തിനും എതിരായ ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും ശക്തികളുടെ വളർച്ചയോടൊപ്പം സാമൂഹ്യാശയങ്ങളുടെ മേഖലകളിലും മാറ്റങ്ങളുണ്ടാവാൻ തുടങ്ങിയിട്ടുണ്ടെന്നതു ശരിയാണ്. പക്ഷേ, തൊഴിലാളികൾ, കൃഷിക്കാർ, ഇടത്തരക്കാർ തുടങ്ങിയ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സമരങ്ങൾ മുഖ്യമായും സാമൂഹ്യ–സാമ്പത്തിക രംഗങ്ങളിൽ ഒതുങ്ങിനിൽക്കുകയാണ്. സാമൂഹ്യപരിവർത്തന പ്രക്രിയയിൽ ആശയങ്ങൾക്കു പൊതുവിലും തത്വചിന്തയ്ക്ക് പ്രത്യേകിച്ചും ഉള്ള പ്രാധാന്യം വേണ്ടത്ര അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യങ്ങളുടെ പുരോഗമനപരങ്ങളായ വശങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സ്ഥാപിത താൽപ്പര്യക്കാരുടേതിൽ നിന്നു സ്വതന്ത്രമായ ഒരു പുതിയ ലോകവീക്ഷണഗതിയും ജീവിതതത്വശാസ്ത്രവും ആവിഷ്ക്കരിക്കാനുള്ള പരിശ്രമങ്ങൾ ഇപ്പോഴും പ്രാരംഭദശയിലാണ്. എങ്കിലും വളർന്നുകൊണ്ടിരിക്കുന്ന ഈ പുതിയ സാമൂഹ്യശക്തികളുടെ ശുഭാപ്തിവിശ്വാസം തുളുമ്പുന്ന അഭിലാഷങ്ങളും പ്രതീക്ഷകളും അറിവുനേടാനുള്ള ആഗ്രഹവും ഭാവിയുടെ ചൂണ്ടുപലകകളാണെന്ന കാര്യത്തിൽ സംശയമില്ല.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ശുദ്ധാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014